(iii) ICTT-യിൽ നിന്നും യൂറോപ്പ്, ചൈന എന്നീ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിനായി കൂടുതൽ ഷിപ്പിംഗ് കമ്പനികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ കൊച്ചി തുറമുഖം സ്വീകരിച്ചുവരുന്നു.

(iv) കേരള സർക്കാരിന്റെയും കൊച്ചി തുറമുഖത്തിന്റെയും അഭ്യർത്ഥന മാനിച്ച് ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ICTT-യിൽ നിന്നുള്ള സർവ്വീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

## വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പദ്ധതികൾ

172 (3946) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളും സവിശേഷതകളുമാണ് പദ്ധതികൾക്കുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികൾക്കാണ് കോർപ്പറേഷൻ രൂപം നൽകിയത് ; വിശദമാക്കുമോ ;

(ഡി) എത്ര വ്യവസായ പദ്ധതികളിൽ ഉത്പാദനം ആരംഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) 1961-ൽ സ്ഥാപിതമായ കെ.എസ്.ഐ.ഡി.സി. ഇതിനോടകം കേരളത്തിൽ 539 വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. മലബാർ സിമന്റ്സ്, കെൽട്രോൺ, കെ.എം.എം.എൽ., കെ.എസ്.ഡി.പി., കേരള ആട്ടോമൊബൈൽസ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കിൻഫ്ര, കേരള ഹൈടെക് ഇൻഡസ്ട്രീസ് (ബ്രഹ്മോസ്) തുടങ്ങിയ കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും ഇൻകെൽ, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് തുടങ്ങി അനേകം സ്വകാര്യ സംരംഭങ്ങൾക്ക് രൂപം നൽകുവാനും കെ.എസ്.ഐ.ഡി.സി.ക്ക് കഴിഞ്ഞിട്ടുണ്ട്. വ്യവസായ വികസനത്തിന് വൈദ്യുതിയും അടിസ്ഥാന സൗകര്യമൊരുക്കിയിട്ടുള്ള വികസിത സ്ഥലങ്ങൾ ആവശ്യമാണെന്ന് കണ്ട് സ്വകാര്യമേഖലയിൽ ബി.എസ്.ഇ.എസ്. എന്ന വൈദ്യുത പദ്ധതി രൂപീകരിക്കുകയും പിന്നീട് മേനിയിൽ ഒരു വൻകിട വൈദ്യുത പദ്ധതിക്കു വേണ്ടി നടപടി എടുക്കുകയും ചെയ്തു. നാലു വ്യവസായ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈഫ് സയൻസസ് പാർക്ക് (തിരുവനന്തപുരം), നാളികേര പാർക്ക് (കുറ്റ്യാടി), ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് (പാലക്കാട്), പെട്രോ കെമിക്കൽ പാർക്ക് (കൊച്ചി) എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടിയും എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായം തേടിയിട്ടുള്ള 52 പദ്ധതികൾക്ക് ബോർഡ് നിക്ഷേപക തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച 37 പദ്ധതികളാണുള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**ഇൻകെലിന്റെ പ്രവർത്തനങ്ങൾ**

173 (3947) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻകെലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(ബി) ഇൻകെലിന് യാതൊരു കാരണവശാലും സർക്കാർഭൂമി കൈമാറരുതെന്ന് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വ്യവസായ വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരത്തെ കണ്ണിമാറ മാർക്കറ്റും അതിനോടനുബന്ധിച്ചുള്ള നാല ഏക്കർ സ്ഥലവും ഇൻകെലിന് കൈമാറാനുള്ള ഉദ്ദേശത്തെപ്പറ്റി ബന്ധപ്പെട്ട മന്ത്രിമാരും ഇൻകെൽ മേധാവികളുമായി എന്തെങ്കിലും ചർച്ച നടന്നിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കേരള ഗവൺമെന്റ് രൂപീകരിച്ച സംരംഭമാണ് ഇൻകെൽ. ഇതിൽ ഇപ്പോൾ 32% ഓഹരി കേരള ഗവൺമെന്റിന്റേയും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കമ്പനികളുടെയും പേരിലാണ്. ബാക്കി ഓഹരികൾ വിദേശ മലയാളി നിക്ഷേപകരുടെയും ചെറുകിട നിക്ഷേപകരുടെയും ഉടമസ്ഥതയിലാണ്. ഇൻകെലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വർഷത്തിൽ നാല് പ്രാവശ്യമെങ്കിലും ഡയറക്ടർ ബോർഡ് യോഗം ചേരാറുണ്ട് ഇതുകൂടാതെ വർഷത്തിൽ ഒരു പ്രാവശ്യം ഓഹരി ഉടമകളുടെ യോഗവും (AGM) നടത്താറുണ്ട്.

(ബി) ഇൻകെലിന് യാതൊരു കാരണവശാലും സർക്കാർ ഭൂമി കൈമാറരുതെന്ന് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) 2012-13 കാലയളവിൽ ചർച്ചകൾ നടന്നിട്ടുണ്ട്. ഇതുവരെയും തീരുമാനമായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly